# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.08.2024**

പ്രധാന വാർത്തകൾ

**TIME : 07.25 AM**

1. **രാജ്യത്ത് മാതൃകാ സൗരോർജ്ജ ഗ്രാമം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി കേന്ദ്രസർക്കാർ; ഒരോ ജില്ലയിലും ഒരു മാതൃകാ സൗരോർജ്ജ ഗ്രാമം സൃഷ്ടിക്കും.**

   **Government issues operational guidelines for implementation of Model Solar Village under PM-Surya Ghar-Muft Bijli Yojana; One Model Village to be created in every district.**

2. **വയനാട് ഉരുൾപ്പൊട്ടലിൽ കാണാതായവർക്കു വേണ്ടിയുള്ള തെരച്ചിൽ ഇന്നും തുടരും ; ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് മന്ത്രി കെ.രാജൻ.**

   **The search for the missing persons in landslide-hit Wayanad to continue today; Minister K. Rajan says the temporary rehabilitation process will complete this month.**

3. **പ്രക്ഷേപണ സേവന നിയന്ത്രണ ബില്ലിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുന്നതിനുള്ള കാലാവധി നീട്ടിയതായി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം.**

   **The Information and Broadcasting Ministry extends the time for receiving comments and suggestions on the draft Broadcasting Services (Regulation) Bill.**

4. **" മറ്റൊരാളുടെ സന്തോഷത്തിന് കാരണമാകാം " എന്ന സന്ദേശവുമായി ഇന്ന് ലോക അവയവ ദാന ദിനം.**

   **World celebrates organ donation day today, emphasizing the message of "Be the Reason for Someone's Smile Today!"**

5. രാജ്യത്തെ വിവിധയിടങ്ങളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരളത്തിലും മഴ മുന്നറിയിപ്പ് ; ഇന്ന് പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**The India Meteorological Department predicts heavy rainfall in various parts of the country; Warning says heavy rain to soak Kerala ; Orange alert issued in Pathanamthitta, Idukki districts today.**

***********************************

## GOVT-MODEL SOLAR VILLAGE

പ്രധാൻമന്ത്രി-സൂര്യ ഘർ-മുഫ്ത് ബിജ്ലി യോജനയ്ക്ക് കീഴിൽ രാജ്യത്ത് മാതൃകാ സൗരോർജ്ജ ഗ്രാമം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറത്തിറക്കി. പദ്ധതി പ്രകാരം രാജ്യത്തുടനീളം ഒരോ ജില്ലയിലും ഒരു മാതൃകാ സൗരോർജ്ജ ഗ്രാമം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് പുനരുപയോഗ ഊർജ മന്ത്രാലയം അറിയിച്ചു. പദ്ധതി നടത്തിപ്പിനായി 800 കോടി രൂപ അനുവദിച്ചതായും മന്ത്രാലയം വ്യക്തമാക്കി. കഴിഞ്ഞ ഫെബ്രുവരിയിലാണ് പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത്.

***********************************

## AMIT SHAH - TIRANGAA YATRA

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ അഹമ്മദാബാദിൽ തിരംഗ യാത്ര ഫ്ലാഗ് ഓഫ് ചെയ്യും. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ യാത്രയിൽ പങ്കെടുക്കും. ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷനാണ് യാത്ര സംഘടിപ്പിക്കുന്നത്.

***********************************

## WAYAND SEARCH

വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കു വേണ്ടിയുള്ള തിരച്ചിൽ ഇന്നും തുടരും. ഇന്നലെത്തെ തെരച്ചിലിൽ ചാലിയാറിൽ

നിന്ന് മൃതദേഹാവശിഷ്ടം കണ്ടെത്തി. മഴയെ തുടർന്ന് അപകട മേഖലയിലെ തെരച്ചിൽ ഇന്നലെ ഉച്ചയോടെ അവസാനിപ്പിച്ചിരുന്നു.

*********************************

## WAYANAD

വയനാട് ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പിൽ കഴിയുന്നവരുടെ താത്കാലിക പുനരധിവാസം ഈ മാസം തന്നെ ഉറപ്പുവരുത്തുമെന്ന് റവന്യൂമന്ത്രി കെ.രാജൻ. വീടുകളുടെ വാടക സംസ്ഥാന സർക്കാർ നൽകും. അതേസമയം, ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായവരുടെ വായ്പകൾ എഴുതി തള്ളാൻ കേരളാ ബാങ്ക് തീരുമാനിച്ചു. കേരള ബാങ്ക് ചൂരൽമല ശാഖയിലെ വായ്പക്കാരിൽ, ദുരന്തത്തിൽ മരിച്ചവരുടെയും, ഈടു നൽകിയ വീടും വസ്തുക്കളും നഷ്ടപ്പെട്ടവരുടെയും മുഴുവൻ വായ്പകളും എഴുതി തള്ളുന്നതിനാണ് ബാങ്ക് ഭരണസമിതി യോഗം തീരുമാനിച്ചത്.

*********************************

## VILANGAD CAMP

കോഴിക്കോട് വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്കായി വെള്ളിയാഴ്ച പ്രത്യേക അദാലത്ത് സംഘടിപ്പിക്കും. അദാലത്തിൽ വെച്ചുതന്നെ കഴിയുന്നത്ര രേഖകൾ പുനഃസൃഷ്ടിച്ചു നൽകാനാണ് ശ്രമം. റവന്യൂ, സിവിൽ സപ്ലൈസ്, വിദ്യാഭ്യാസം, മോട്ടോർ വാഹനം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ക്യാമ്പിൽ ഉണ്ടാവും. പ്രത്യേക അദാലത്ത് ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമാണെന്നും അല്ലാത്ത അപേക്ഷകൾ സ്വീകരിക്കില്ലെന്നും അധികൃതർ അറിയിച്ചു.

*********************************

## I AND B ADVISORY – CALAMITIES

പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ തിയതിയും സമയവും ദൃശ്യത്തിൽ രേഖപ്പെടുത്തണമെന്ന് സ്വകാര്യ ഉപഗ്രഹ ടിവി ചാനലുകൾക്ക് വാർത്താവിതരകണ പ്രക്ഷേപണ

മന്ത്രാലയം നിർദ്ദേശം നൽകി. ദുരന്തമോ പ്രകൃതിക്ഷോഭമോ ഉണ്ടായ ദിവസം മുതലുള്ള ദൃശ്യങ്ങൾ ആവർത്തിച്ച് കാണിക്കുന്നത് അനാവശ്യമായ ആശയക്കുഴപ്പത്തിനും കാഴ്ചക്കാർക്കിടയിൽ പരിഭ്രാന്തി സൃഷ്ടിക്കാനും ഇടയാക്കുമെന്ന് മന്ത്രാലയം പറഞ്ഞു. ഇത്തരം ദൃശ്യങ്ങൾ സംപ്രേക്ഷണം ചെയ്യുമ്പോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

*************************************

## WB- DOCTORS PROTEST…. INTRO

പശ്ചിമ ബംഗാളിൽ, വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ഡോക്ടർമാരുടെ പ്രതിഷേധ സമരം തുടരുന്നു. കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജിലെ ഡോക്ടറെയാണ് ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയത്. സമരത്തെ തുടർന്ന് സംസ്ഥാനത്തുടനീളം ആരോഗ്യ സേവനങ്ങൾ തടസപ്പെട്ടതായാണ് റിപ്പോർട്ട്. **വിശദാംശങ്ങളിലേക്ക്......**

(ഹോൾഡ്)

വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിന് ഉത്തരവാദികളായവർക്ക് കർശന ശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ടാണ് പശ്ചിമ ബംഗാളിൽ ഡോക്ടർമാർ സമരം തുടരുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും റസിഡന്റ് ഡോക്ടർമാർ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ സമരത്തിൽ അണിചേർന്നു. അതേസമയം ആർജി കർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സ്ഥാനത്ത് നിന്ന് രാജി വച്ച സന്ദീപ് ഘോഷിനെ കൊൽക്കത്തയിലെ നാഷണൽ മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പലായി നിയമിച്ചു. കേസിൽ ഒരാഴ്ചയ്ക്കുള്ളിൽ പുരോഗതിയുണ്ടാക്കാൻ പോലീസിന് കഴിയുന്നില്ലെങ്കിൽ അന്വേഷണം സിബിഐക്ക് കൈമാറുമെന്ന് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ഇന്നലെ അറിയിച്ചിരുന്നു. സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ്റെ രണ്ടംഗ സംഘം ഇന്നലെ കൊൽക്കത്ത പോലീസ്

ആസ്ഥാനത്തെത്തി കമ്മീഷണറെ കണ്ടു. സംഘം ഇന്ന് ആശുപത്രി സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് സൂചന. പശ്ചിമ ബംഗാളിലെ വിദ്യാർത്ഥികളുടെ സുരക്ഷ ചോദ്യം ചെയ്യപ്പെടുകയാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ അഭിപ്രായപ്പെട്ടു. വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തെ ശക്തമായി അപലപിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. **ന്യൂസ്ഡെസ്ക് ആകാശവാണി.......**

***********************************

## BROADCASTING SERVICES BILL

പ്രക്ഷേപണ സേവന നിയന്ത്രണ ബില്ലിന്മേൽ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുന്നതിനുള്ള കാലാവധി ഒക്ടോബർ 15 വരെ നീട്ടി വാർത്താവിതരകണ പ്രക്ഷേപണ മന്ത്രാലയം. വിശകലനങ്ങൾക്ക് ശേഷം പുതിയ കരട് നിയമം പുറത്തിറക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. കഴിഞ്ഞ വർഷം നവംബറിലാണ് പൊതുജന അഭിപ്രായം ആരാഞ്ഞ് കരട് ബിൽ പ്രസിദ്ധീകരിച്ചത്. നിരവധി സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും അഭിപ്രായങ്ങൾ ലഭിച്ചതായും മന്ത്രാലയം അറിയിച്ചു.

***********************************

## RESERVE BANK – NBFC

അടിയന്തര സാഹചര്യങ്ങളിൽ പണം പിൻവലിക്കാനെത്തുന്ന നിക്ഷേപകർക്ക്, ആദ്യത്തെ മൂന്ന് മാസത്തിനുള്ളിൽ മുഴുവൻ തുകയും തിരികെ നൽകണമെന്ന് ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്ക് ആർ ബി ഐ നിർദേശം നൽകി. ഈ രീതിയിൽ പണം പിൻവലിച്ചാൽ പലിശ നൽകേണ്ടതില്ലെന്നും ആർബിഐ പ്രസ്താവനയിൽ പറഞ്ഞു. നിക്ഷേപകർ മറ്റു കാരണങ്ങളാൽ പണം പിൻവലിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബാങ്കിംഗ് ഇതര ധനകാര്യകമ്പനികൾക്ക് നിക്ഷേപത്തിന്റെ 50 ശതമാനം, പലിശയൊന്നും നൽകാതെ നിക്ഷേപകർക്ക് നൽകാം. പുതിയ നിർദേശങ്ങൾ അടുത്തവർഷം ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരും.

**************************************

## DIRECT TAX COLLECTIONS

രാജ്യത്ത് പ്രത്യക്ഷ നികുതി വരുമാനത്തിൽ വർധന. ഏപ്രിൽ 1 മുതൽ ഓഗസ്റ്റ് 11 വരെയുള്ള കാലയളവിൽ നികുതി വരുമാനം 23.99 ശതമാനം വർധിച്ച് 8.13 ലക്ഷം കോടി രൂപയിലെത്തിയതായി ആദായ നികുതി വകുപ്പ് അറിയിച്ചു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 6.55 ലക്ഷം കോടി രൂപയുടെ വരുമാനമാണ് ലഭിച്ചത്.

**************************************

## RETAIL INFLATION

രാജ്യത്തെ ചില്ലറ വ്യാപാരമേഖലയിലെ വിലക്കയറ്റം ഈ വർഷം ജൂലൈയിൽ 3.54 ശതമാനമായി കുറഞ്ഞു. 59 മാസത്തെ ഏറ്റവും താഴ്ന്ന നിരക്കാണിത്. പച്ചക്കറികൾ, പഴങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ വിലയിടിവാണ് ഭക്ഷ്യവിലക്കയറ്റം കുറയാൻ കാരണം.

**************************************

## WORLD ORGAN DONATION DAY

ഇന്ന് ലോക അവയവ ദാന ദിനം. " മറ്റൊരാളുടെ സന്തോഷത്തിന് കാരണമാകാം" എന്നതാണ് ഈ വർഷത്തെ സന്ദേശം. ലോകമെമ്പാടും അവയവ ദാനത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യകത പരിഹരിക്കുന്നതിനാണ് ലോക അവയവ ദാന ദിനം സംഘടിപ്പിക്കുന്നത്. ബോധവത്കരണത്തിനൊപ്പം, ജീവൻ രക്ഷിക്കാനുള്ള നല്ല സംസ്കാരം വളർത്തിയെടുക്കുക കൂടി ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ഓഗസ്റ്റ് 13 ലോക അവയവ ദാന ദിനമായി ആചരിക്കുന്നത്.

**************************************

## IMD

അടുത്ത രണ്ടു ദിവസം രാജ്യത്തെ വടക്കു കിഴക്കൻ മേഖലകളിലും, ദക്ഷിണ, മധ്യ മേഖലകളിലും അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മേഖലകളിൽ ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു. രാജസ്ഥാൻ, ഉത്തർപ്രദേശ്, കിഴക്കൻ, വടക്കു കിഴക്കൻ ഇന്ത്യ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ അടുത്ത ഏഴു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

********************************

## KERALA RAIN

കേരളത്തിൽ അടുത്ത നാല് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

********************************

## SUBROTO MUKHERJEE FOOTBALL

ലക്ഷദ്വീപിലെ കവരത്തി ദ്വീപിൽ നടന്ന നാൽപതാമത് സുബ്രതോ മുഖർജി ഫുഡ്ബോൾ ടൂർണമെന്റിൽ ആന്ത്രോത്ത് ദ്വീപ് ചാംപ്യൻമാരായി. സമനിലയിൽ കളി അവസാനിച്ചശേഷം പെനാൽട്ടി ഷൂട്ടൗട്ടിലൂടെയാണ് ആന്ത്രോത്ത് ദ്വീപിന്റെ ജയം. 9 ദ്വീപുകളാണ് ടൂർണമെന്റിൽ മത്സരിച്ചത്. വിദ്യാഭ്യാസ, കായിക – യുവജനക്ഷേമ വകുപ്പ് സെക്രട്ടറി അവനീഷ് കുമാർ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

********************************

## IRANIAN VICE-PRESIDENT

ഇറാൻ വൈസ് പ്രസിഡൻറ് മുഹമ്മദ് ജവാദ് സരീഫ് രാജിവെച്ചു. നിയമിതനായി 11 ദിവസത്തിന് ശേഷമാണ് സ്ഥാനം ഒഴിയുന്നത്. പുതിയ കാബിനറ്റ് അംഗങ്ങളെ തിരഞ്ഞെടുത്തതിലെ അതൃപ്തിയാണ് സ്ഥാനം ഒഴിയാനുള്ള കാരണമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഭരണകൂടത്തെ

പിന്തുണയ്ക്കുന്നത് തുടരണമെന്നും ഇറാനിയൻ ജനതയോട് ജവാദ് സരീഫ് അഭ്യർത്ഥിച്ചു.

**********************************

## ISRAEL-OVERSEAS TRAVEL

ഇറാൻറെയും ഹിസ്ബുള്ളയുടെയും ആക്രമണ സാധ്യത മുന്നിൽ കണ്ട് ഇസ്രയേൽ വ്യോമ സേന ഉദ്യോഗസ്ഥരുടെ വിദേശ രാജ്യങ്ങളിലേക്കുള്ള യാത്രക്ക് നിരോധനം. സ്ഥിതിഗതികൾ നിരീക്ഷിച്ചതിൻറെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരോട് വിദേശത്തേക്കുള്ള വിനോദസഞ്ചാരം ഉൾപ്പടെ ഒഴിവാക്കാൻ വ്യോമ സേന നിർദേശം നൽകി. ഇസ്രായേലിലെ സാധാരണ പൗരന്മാർക്ക് നൽകിയിട്ടുള്ള സുരക്ഷാ നിർദേശങ്ങൾക്കും മാറ്റമില്ല.

**********************************

## US-GAZA PEACE TALKS

ഗസയിൽ സമാധാന ചർച്ചകൾ ഫലവത്താകുമെന്നും വെടിനിർത്തൽ കരാർ സാധ്യമാണെന്നും യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്. ഇസ്രായേൽ - ഗസ സംഘർഷ വിഷയത്തിൽ വ്യാഴാഴ്ച ചേരുന്ന യോഗത്തിൽ ഹമാസ് പ്രതിനിധികൾ പങ്കെടുക്കുമോ എന്ന സംശയം നിലനിൽക്കെയാണ് അമേരിക്കയുടെ പ്രതികരണം. പുതിയ ചർച്ചകൾക്ക് പകരം മുൻപ് നടന്ന ചർച്ചകളെ അടിസ്ഥാനമാക്കി വെടിനിർത്തലിനായി പദ്ധതി തയ്യാറാക്കണമെന്ന് ഹമാസ് ആവശ്യപ്പെട്ടു.

******************************************************************************************************
******************************************